## പതിമൂന്നാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5955** **08.07.2013 ൽ മറുപടിയ്ക്ക്.**

## കുളങ്ങളുടെയും കിണറുകളുടെയും പുനരുദ്ധാരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി ) |
| (എ) മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പിന്റെ കീഴിൽ കുളങ്ങളുടെയും കിണറുകളുടെയും പുനരുദ്ധാരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കമോ; | (എ) മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് വഴി വിവിധ മണ്ണ് ജല സംരക്ഷണ പദ്ധതികളുടെ ഭാഗമായി കുളങ്ങളുടെയും കിണറുകളുടെയും പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. എന്നാൽ കിണറുകളുടെയും കുളങ്ങളുടെയും പുനരുദ്ധാരണം വഴി പാരിസ്ഥിതിക പുനരുജ്ജീവനത്തിനുള്ള ഒരു പ്രത്യേക പദ്ധതി കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലായി വകുപ്പ് നിർവ്വഹിച്ചു വരുന്നുണ്ട്. പദ്ധതിയുടെ 1-ാം ഘട്ടത്തിലെ പ്രവർത്തനങ്ങൾക്ക് 15.25 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. പദ്ധതിയുടെ ആദ്യത്തെ രണ്ടു വർഷത്തെ പ്രവർത്തനങ്ങൾക്കായി അനുവദിച്ച 7.27 കോടി രൂപയിൽ നാളിതു വരെയുള്ള പ്രവർത്തനഫലമായി 6.68 കോടി രൂപ ചെലവഴിച്ച് 55 കുളങ്ങളുടെയും 1371 കിണറുകളുടെയും പുനരുദ്ധാരണം ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തെല്ലാമാണ് ; | (ബി) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കുട്ടനാട്, മേൽ കുട്ടനാട്, ഓണാട്ടുകര മേഖലകളുടെ പാരിസ്ഥിതിക പുനരുജ്ജീവനമാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യ ലക്ഷ്യം. കുട്ടനാട് മേഖല അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്ന രൂക്ഷമായ ജല ദൗർലഭ്യത്തിനുള്ള ശാശ്വത പരിഹാരം കാണുന്നതിന് കുളങ്ങളുടെയും കിണറുകളുടെയും പുനരുദ്ധാരണം നടത്തി, ഭൂഗർഭ ജലവിതാനം മെച്ചപ്പെടുത്തി, കുടിവെള്ള ലഭ്യത ഉറപ്പാക്കുക എന്നതാണ് ലക്ഷ്യം. ജലലഭ്യത ഉറപ്പാക്കുക വഴി കൂടുതൽ പ്രദേശം കൃഷിയോഗ്യമാക്കുവാനും കാർഷികവൃത്തി മെച്ചപ്പെടുത്തുവാനും ജീവിത നിലവാരം ഉയർത്തുവാനും പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്. |

| | |
|---|---|
| (സി) ഏതെല്ലാം പാക്കേജുകളിൽ പ്പെടുത്തിയാണ് പദ്ധതി നടപ്പാക്കുന്നത് ; വിശദമാക്കുമോ ; | (സി) കുട്ടനാട്, മേൽ കുട്ടനാട് മേഖലകളുടെ കാർഷിക ദുരിതത്തിന് പാരിസ്ഥിതിക പുനരുജ്ജീവനത്തിൽ കൂടി ശമനം കാണുവാനുള്ള മണ്ണ് ജലസംരക്ഷണ പദ്ധതിയ്ക്ക് 15.25 കോടി രൂപയ്ക്കുള്ള ഭരണാനുമതി 13-ാം ധനകാര്യ കമ്മീഷന്റെ സാമ്പത്തിക സഹായത്തോടെ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തിയാണ് വകുപ്പ് പദ്ധതി നടപ്പാക്കുന്നത്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) കുട്ടനാട് പാക്കേജിന്റെ ഒന്നാം ഘട്ടത്തിലെ പ്രവർത്തനങ്ങൾ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലായി പുരോഗമിച്ചു വരുന്നു. പദ്ധതിയിൻ കീഴിൽ നാളിതു വരെ അനുവദിച്ച 7.27 കോടി രൂപയിൽ 6.68 കോടി രൂപ ചെലവഴിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ.